
# ലിറ്റിൽ കൈറ്റസ് 2019 - 21

## സെന്റ്.ജോർജ്ജ് എച്ച് എസ് എസ്

## പാറത്തോട്




ഡിജിറ്റൽ മാഗസിൻ



# വിരൽത്തുമ്പിൽ

ലോകസ്പന്ദനം



# വിരൽത്തുമ്പിൽ...

***LITTLE KITES 2019 - 21***




# സമർപ്പണം....

ഓർമ്മകളുടെ സുഗന്ധവുമായി ഒരു വസന്തകാലത്തെ വരവേൽക്കുവാൻ ഇതാ........ലിറ്റിൽകൈറ്റ്സിന്റെ കടിഞ്ഞൂൽ കുട്ടികളുടെ പ്രണാമം ഔന്നത്യം ലാളിത്യത്തിന് വഴിമാറുമ്പോഴ് അത്ഭുതങ്ങളാണ് പിറക്കുന്നതെന്ന് കാട്ടി തന്നതിന്..........

അറിവിനേക്കാൾ അനുഭവങ്ങളുടെ വെളിച്ചം പകർന്നതിന്......

നന്ദിയല്ല.......ബഹുമാനമല്ല...........

അതിലുപരി സ്നേഹമാണ്........സ്നേഹം മാത്രം.....

ഇന്നിതാ സർവ്വനിറപ്പകിട്ടിലും നിറഞ്ഞുനിൽക്കുന്ന ജോർജ്ജിയൻ കുടുംബത്തിന് ഞങ്ങളുടെ ആദ്യ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.................

## MESSAGE

I am very happy to know that the children belong to Little Kites publish a digital magazine with the support of their teachers. I hope that this magazine offers ample chance to the children to enhance their talents especially in computer.

We have ahead arranged smart class rooms in high school Classes and then topic of work will help the students to achieve mastery in this subject.

I congratulate the students and teachers who have laboured before their venture.

I extent my heartfelt wishes to this endeavour.

**LUKA V.V**

principal

MESSAGE

*It is happiness unlimited to know that S.G.H.S PARATHODE school is breking barriers and moving forward confidently. The little kites has presented meritorious achievements of students in the fields of academics, research, I.T and co-curricular activities in a nice way. The school magazine is on earnest attempt to portray the school and bring out certain aspects of the schoolto the eyes of the public so that they may understand and know the school even better.*

*A magazine is an important document which not only is the happy repository of the events and achievements,but also platform for revealing the glimpse of particular ethos in which school functions and of aspirations of the college and the students in future.*

*I am sure that little kites,parathode will scale even greater heights in the years to come and serve many More in the society.*

***Faithfully,***

***Boby paul***
***SITC***

# ആശംസ

ആകാശജാലകങ്ങൾ തുറന്ന് മേഘവിരിപ്പുകളും മാറ്റി.....

നക്ഷത്രമുത്തുകൾ തേടി യാത്രയാവുന്ന...

ചെറുപട്ടങ്ങൾക്ക് ($LittleKites$) ആശംസകൾ...

സ്നേഹമൊഴികളും ഭാവനയുടെ വർണ്ണച്ചിന്തകളും

മനോഹരമായ കൈയ്യെഴുത്തുകളാക്കിയ

വിദ്യാലയദിനങ്ങൾ......ഇനി ഓർമ്മത്താളുകളിൽ

സൂക്ഷിക്കാം.ഡിജിറ്റൽ ലോകത്ത്... അക്ഷരക്കൂട്ടുകളെ

അച്ചടിമഷി പുരട്ടി ആധുനികരാകാൻ കഴിഞ്ഞ നിങ്ങളെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.ഈ

മാസികയുടെ പുറങ്ങളിൽ സർഗ്ഗാത്മകതയുടെ

പൂമ്പാറ്റകൾ മാനസോദ്യാനങ്ങളിലേയ്ക്ക്...

പറന്നിറങ്ങട്ടെ.....

*സ്നേഹപൂർവ്വം...*

**വിൽസൺ മാഷ്**

# ആശംസ

വിദ്യാഭ്യാസമെന്നത് പുസ്തകപഠനത്തേക്കാളുപരി കുട്ടികളുടെ സമസ്ത മേഖലകളിലുയുള്ള കഴിവുകളുടെ സമഗ്രമായ വിസകലനം കൂടിയാണല്ലോ....

IT മേഖലകളിലുള്ള കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിൽ കേരള സർക്കാരിന്റെ little kites എന്ന യൂണിറ്റ് വഹിക്കുന്ന പങ്ക് വളരെ വലുതാണ്.കുട്ടികളുടെ സർഗ്ഗാത്മ കഴിവുകളെ വികസിപ്പിക്കുന്നതിൽ ഇതുപോലെയുള്ള മാഗസ്സിനുകൾ നിർ ണ്ണായകമായ സ്വാധീനം ചെലുത്തുന്നതിൽ തർക്കമില്ല.

S.G.H.S.S PARATHODE ലെ little kites കുട്ടികളുടെ ആഭിമുഖ്യത്തിൽ തയാറാക്കുന്ന ഈ DIGITAL MAGAZINE സംരഭത്തിന് എല്ലാവിധ ആസംശകളും,ഭാവുകങ്ങളും നേരുന്നു.

**Romith .G. Santhosh**
**little kites leader**

# EDITORIAL BOARD


## EDITOR

ANJITHA BIJU

## SUB EDITOR

ANNA GRACE PETER

## OTHERS

VISWAJITH K BIJU

SANDRA SHIJU

BITTY MARIA MANUEL

RAHUL GIREESH

EBIT BIJU

VYSHNAVI P. P

# എഡിറ്റോറിയൽ

കാലപ്രവാഹത്തിൽ മനുഷ്യമനസ്സുകൾ യാന്ത്രികതയുടെ ചട്ടക്കൂടുകളിലൊതുങ്ങുമ്പോൾ ദാഹാർദ്രമായ മനസ്സുകളിലേയ്ക്ക് ആശയങ്ങളുടെ നീർക്കുമിളകളുതിർത്ത് ഞങ്ങൾ സ്വഭിമാനം സമർപ്പിക്കുന്നു.

ജോർജ്ജിയൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ വിരൽത്തുമ്പിൽ പാറിയ കഥകളും,കവിതകളും,ചിത്രങ്ങളും അതിലുപരി സാമൂഹിക പ്രതിബദ്ധതയുള്ള ലേഖനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട്.
ഇതൊരു തുടക്കം മാത്രം...............

രചനയിലോ ഉള്ളടക്കത്തലോ ഏതെങ്കിലും വിധത്തിലോ ഉള്ള പോരായ്മകൾ സദയം ക്ഷമിക്കുമല്ലോ!

'വിരൽത്തുമ്പിൽ'പുറത്തിറക്കുന്നതിന് നിർലോഭമായ സഹായ സഹകരണങ്ങൾ നൽകിയ ആദരണീയയായ ഞങ്ങളുടെ അധ്യാപികയോടും സഹപാഠികളോടും ഞങ്ങളുടെ നിസ്സീമമായ കടപ്പാട് രേഖപ്പെടുത്തന്നു........

ചീഫ് എഡിറ്റർ
അഞ്ജിത ബിജു

# ഇതളുകളിലൂടെ


*    ദൈവത്തിന്റെ സ്വന്തം കേരളം.

*    I am a heart

*    അമ്മ

*    നൻമയുടെ പാഠങ്ങൾ

*    Friends arise awake

*    ജോർജ്ജിയൻ ചിത്രരചന

*    കലകളുടെ കല

*    ഓർമ്മകൾ

*    മഹത് വചനങ്ങൾ

*    Take Time

*    10 Lessons from Albert Einstein

*    കേരളം ഒറ്റനോട്ടത്തിൽ

*    My Dearest Tree

*    ജോർജ്ജിയൻ ചിത്രരചന

* എഴുത്തുകാരുടെ അപരനാമങ്ങൾ

* പ്രളയം

* ജോർജ്ജിയൻ ചിത്രരചന

* ആശാൻകവിതയിലെ മണിമുത്തുകൾ

* Examination

* ടുണ്ടുമോൾ എഗൈൻ

* Justin Bieber

* സാഹിത്യക്വിസ്

* Tongue Twisters

* എന്റെ ലോകം

* Maths puzzle

* സദ്ചിന്തകൾ



# ദൈവത്തിന്റെ സ്വന്തം നാട്

കേരളം..ആർഷഭാരത സംസ്കാരത്തിന്റെ ഹൃദയത്തുടിപ്പുകൾ
സൂക്ഷിക്കുന്ന സുന്ദര നാട്.മലകളും പുഴകളും പൂങ്കാവനങ്ങളും
പട്ടുതൊങ്ങലണിയിച്ച പ്രകൃതിയുടെ
വരദാനം.വികസനത്തിലും വിദ്യയിലും സംസ്കാരത്തിലും
സൗന്ദര്യത്തിലും ഭാരതത്തിന്റെ തിലകക്കുറിയായി മാറിയ
നമ്മുടെ പുണ്യ നാട്...അതെ..ഇത് കേരളത്തിന്റെ അല്പം

പഴയ ചിത്രം..പക്ഷേ ഇന്നോ?

"കേരളം എന്ന പേരു കേട്ടാൽ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ" എന്നു പാടിയ കവി ഇന്ന് ജീവനോടെയില്ലാത്തത് ഭാഗ്യം! അല്ലെങ്കിൽ ഈ കലാപ കേരളം കണ്ട് കരളുരുകി കരഞ്ഞേനേ!

മനുഷ്യൻ വളർന്നപ്പോൾ അവന്റെ സംസ്കാരവും വളർന്നു..ഒപ്പം അഹങ്കാരവും.ഏതു വിധേനയും സമ്പന്നനാകാനുള്ള ഓട്ടത്തിനിടയിൽ മനുഷത്വം ബലി കഴിക്കപ്പെടുന്നു.തൽഫലമായി മദ്യദുരന്തവും പെൺ വാണിഭവുമെല്ലാം ആവർത്താക്കപ്പെടുന്നു.ഒടുവിൽ മനുഷ്യന്റെ ക്രൂരത പ്രകൃതിയോടായപ്പോൾ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുകയും അവയെല്ലാം സമ്പന്നരുടെ കീശയിലെ നാണയത്തുട്ടുകളായി മാറുകയും ചെയ്തു.നാല്പത്തിനാലു നദികളും ശുദ്ധജല തടാകങ്ങളുമുള്ള കേരലത്തിൽ കുടിവെള്ളത്തിനായി പൈപ്പിൻ ചുവട്ടിൽ ക്യൂ നിൽക്കേണ്ട അവസ്ഥയാണിപ്പോൾ മലയാളിക്ക്.മലകളും മരങ്ങളും കോൺക്രീറ്റ് വനങ്ങൾക്കായി വഴി മാറുകയും അനിയന്ത്രിതമായ വ്യവസായവൽക്കരണം പൊടി പൊടിക്കുകയും ചെയ്യുമ്പോൾ ശുദ്ധവായു എന്നത് ഓക്സിജൻ പാർലറുകളിൽ മാത്രം ലഭിക്കുന്ന അപൂർവ്വ വസ്തുവായി

മാറുന്ന അവസ്ഥ ദൂരത്തല്ല.

പ്രകൃതിയെ പരിഗണിക്കാതെ മനുഷ്യൻ നടത്തുന്ന വികസന പ്രവർത്തനങ്ങൾ കൂടിക്കൂടി വരികയാണ്.ഭാവിതലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സാധ്യതയെ നിലനിർത്തി വേണം വികസനം എന്ന സങ്കല്പം മുന്നോട്ടുകൊണ്ടുപോകാൻ. എങ്ങനെയും വികസനം എന്ന പാതയിൽ മുന്നേറിയാൽ നാശത്തിന്റെയും നഷ്ടത്തിന്റെയും വിത്തുകൾ അവയ്ക്കിടയിൽ ഒളിഞ്ഞിരിപ്പുണ്ടാവും എന്ന് നാം തിരിച്ചറിയണം.വികസനപ്രവർത്തനങ്ങൾക്ക് പ്രകൃതി വിഭവങ്ങളുടെ ഉപയോഗം അനിവാര്യമാണ്.ഉപയോഗം അമിതമാകുമ്പോഴോ അശാസ്ത്രീയമാകുമ്പോഴോ പരിസ്ഥിതിക്ക് നാശം സംഭവിക്കുന്നു.എല്ലാ വിധത്തിലുള്ള പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ടും പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടും വികസനം സാധ്യമാക്കുകയാണ് വേണ്ടത്.

ഇവിടെ മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം.അതിനായി ഉദ്യുക്തരായ ഒരു ജനത ഉണരേണ്ടതുണ്ട്.നമ്മുടെ വിദ്യാലയങ്ങൾ അറിവിന്റെയും സ്നേഹത്തിന്റെയും കേളീരംഗമാവണം.നമ്മുടെ പുതുനാമ്പുകൾ സത്യത്തിന്റെയും ധർമ്മത്തിന്റെയും

ജ്യോതിസ്സുകളാവണം.മനുഷ്യരോടും പ്രകൃതിയോടും ഈശ്വരനോടും പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഇന്നത്തെ കുട്ടി നാളത്തെ പൗരനാണ് എന്ന വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും തെളിനീരിൽ വൈരാഗ്യത്തിന്റെ കറ പുരളാത്ത ഒരു വിദ്യാർത്ഥി സമൂഹത്തെ നമുക്ക് വാർത്തെടുക്കാം.

അങ്ങനെ ദൈവം മനസ്സറിഞ്ഞു സൃഷ്ടിച്ച നമ്മുടെ നാടിന്റെ വിശുദ്ധിയും സംസ്കാരവും സൗന്ദര്യവും സംരക്ഷിക്കുവാനും നമ്മുടെ നാട് എന്നും 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പദവിയിലിരിക്കേണ്ടതിനും നമുക്ക് പരിശ്രമിക്കാം.അല്ലെങ്കിൽ പരശുവിനാൽ പൊങ്ങിവന്ന ഈ പുണ്യനാട് ഒരുനാൾ അസ്തമിച്ച് പോകില്ലെന്ന് ആരു കണ്ടു?

അജന ജോഷി

IX A

# *I am a heart*



I am a little heart
Tup!Tup!Beats!
In a minute i beat
Seventy two times!
Give me a little love”
I beg you!
I will sing for you
If you do so”
And i won't stop
Whatever,may happen

KRISHNA PRIYA PRADEEP
IX C



## അമ്മ

ഉദയമാണമ്മ..ഉദയമാണമ്മ
ഉണര്വിന്റെ ഉദയമാണമ്മ
ഉയിരിന്റെ നാളമാണമ്മ
ഉരുകുന്ന ഹൃദയമാണമ്മ,ഉദയമാണമ്മ
എരിയുന്ന ഹോമാകുണ്ഡത്തിലും
തെളിയുന്ന പരിശുദ്ധി അമ്മ
കണ്കളില് കാറുവന്നീറന് നിറയ്ക്കാതെ
മാറോടു ചേര്ക്കുന്നൊരമ്മ
മനസ്സില് വിഷക്കോളു വീശുമ്പോഴും
അണയാത്ത ദീപമാണമ്മ
ലോകൈകവീഥിയില് ഇടവഴി കണ്ടു നീ
പെരുവഴി പുല്കുമ്പോള്
കാവലായ് കരുതലായമ്മ
ഒരു ധൂമബലിയായി അമ്മ
ഭുമിതല് മാറിലായന്തിക്കണയുമ്പോള്
താരാട്ടുതീര്ക്കുന്നൊരമ്മ
എന്നേക്കുമെരിയുന്ന വഴിവിളക്കാകുവാന്
തന് ജീവഗാഥയും ചൊല്ലി
പാടിത്തിമിര്ക്കുന്ന മാനവരാഗ
ഒരു മുഴുകഥകളി പോലെ
നിത്യസ്നേഹത്തിന് കാലുരപ്പോടെ
ഇനിവരും നാളുകളില്ലവന്ന് ശയിക്കാനായ്
സ്നേഹവും കരുതലും ബാക്കിയാക്കി
അമ്മ ഒരു ശേഷപത്രവും കുറിച്ചു യാത്രയായി..

AISWARYA VIMOSH IX D


## നന്മയുടെ പാഠങ്ങൾ

കൂരിരുൾ മൂടിയ താഴ്വരകൾ നൻമയുടെ പൂങ്കാവനങ്ങളാകുമോ? സമശ്ചിതത്വത്തിന്റെ വഴികൾ ആശിഷമരുളുന്ന കുളിർമാരിയായി പെയ്യുമോ?തിൻമയുടെ കൈപ്പുനീർ പാത്രത്തിൽ നൻമയുടെ മുത്തുമണികൾ കാണുമോ?"നാം ഓരോരുത്തരും പലപ്പോഴും കടന്നുപോകുന്ന ജീവിത സാഹചര്യങ്ങൾ നമ്മോടുതന്നെ ചോദിക്കാറുള്ള ചോദ്യങ്ങളാണിവ.....

ഓർമ്മയിൽ ഓരു മഞ്ഞുത്തുള്ളി പോലെ പരിശുദ്ധമായ കാലഘട്ടമാണ് സ്കൂൾ വിദ്യാഭാസം.ആകാശം കാണാതെ പുസ്തകതാളുകൾക്കിടയിൽ മയിൽപ്പീലിതുണ്ടുകൾ കരുതിവയ്ക്കുന്ന ഛായചിത്രങ്ങളിൽ അത്ഭുതം വിടർത്തുന്ന മനസ്സുകളുമായി ഓരോരുത്തരും കലാലയത്തിലേയ്ക്ക് കടന്നുവരുന്നു.ഒരു പാട്ടു പടിക്കുന്നു,പലരിലൂടെയും പലതും പടിക്കുന്നു.ആ പാഠങ്ങളിലൊക്കെ നൻമയുടെ പാഠങ്ങൾ ഉണ്ടോ എന്നു നാം തിരയണം.കണക്കും, സയൻസും, പഠിക്കുന്നതോടൊപ്പം നൻമയുടെ പാഠങ്ങൾ കൂടി പഠിക്കണം.നാം പഠിക്കുന്ന വിദ്യാലയത്തിന്റെവലിപ്പമോ ജോലിച്ചെയ്യുന്ന സ്ഥപനത്തിന്റെ മഹിമയോ അല്ല നമ്മെ വലിയവരാക്കുന്നത് നമ്മിലെ നൻമയാണ്.


**ANDES E.S**
**IX C**

# FRIENDS ARISE AWAKE



**Friends arise and awake.**
**And stop not until the goal is attained.**
**Let us be on toes to spread.**
**The fragrance of wisdom gained.**
**Be as bees with your daily lessons.**
**But never be upset with life's**
**trials.Friends accept the challenges.**
**With a heart of zeal.**

ASHIN ANIL
IX B



KATTA FAN OF LALETTAN

**AFIN TOMY**
**IX D**

# കലകളുടെ കല

കേരളത്തിന്റേതുമാത്രമായ രംഗകലയാണ് കഥകളി. നൃത്തവും അഭിനയവും സംഗീതവും ചേർന്ന കലാരൂപം . ദേവനും മനുഷ്യനും അസുരനുമെല്ലാം രംഗത്തുവരുന്ന കലാരൂപം കൂടിയാണിത്. കേളികൊട്ടോടുകൂടിയാണ് കഥകളിയുടെ ആരംഭം .മഹാഭാരതത്തിലെയും രാമായണത്തിലെയും കഥകളാണ്കൂടുതലായും കഥകളിയിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് പല ഇംഗ്ലീഷ് നാടകങ്ങളും കഥകളിക്ക് വിഷയമാകുന്നുണ്ട്.

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കൊട്ടാരക്കര തമ്പുരാനാണ് ഈ കലാരൂപത്തിന്റെ ഉപജ്ഞാതാവ് എന്നാണ് വിശ്വസിക്കുന്നത്. കൊട്ടാരക്കരത്തമ്പുരാന്റെ കാലത്ത് ഉത്തര കേരളത്തിൽ നിലനിന്നിരുന്ന ഒരു കലാരൂപമായിരുന്നു കൃഷ്ണനാട്ടം . കോഴിക്കോട് സാമൂതിരിയായിരുന്നു കൃഷ്ണനാട്ടത്തിന്റെ രക്ഷാധികാരി . അങ്ങനെയിരിക്കെ ഒരു ദിവസം കൊട്ടാരക്കര തമ്പുരാന് ഒരാഗ്രഹം ,കൃഷ്ണനാട്ടം തന്റെ വസതിയിൽ ഒന്നാടിക്കാണണം. അദ്ദേഹം അതുനടത്താനുള്ള അനുവാദം ചോദിച്ചുകൊണ്ട് സാമൂതിരിക്ക് കത്തയച്ചു.പക്ഷേ,തമ്പുരാന്റെ ആവശ്യം സാമൂതിരി നിരസിച്ചു. അതിൽ കുപിതനായ കൊട്ടാരക്കരത്തമ്പുരാൻ കഥകളിക്ക് രൂപം കൊടുക്കുകയായിരുന്നു എന്നൊരു ഐതിഹ്യമുണ്ട്. കൃഷ്ണകഥയെ എട്ടുഭാഗങ്ങളായിവിഭജിച്ചാണ് കൃഷ്ണനാട്ടം നടത്തിയിരുന്നത്. അതുപോലെ രാമായണകഥയെ എട്ടു ഭാഗങ്ങളായി

വിഭജിച്ചാണ് തമ്പുരാൻ തന്റെ കലയെ പുറത്തു കൊണ്ടുവന്നത്. തമ്പുരാന്റെ രാമായണകഥകൾ ഏറെനാൾ അരങ്ങുതകർത്തു. പിന്നീട് കോട്ടയം കേരള വർമ്മരാജാവ് എഴുതിയനാല് ആട്ടകഥകളോടെയാണ് യഥാർത്ഥ കഥ കളിയുടെ തുടക്കം . ബകവധ ,കല്യാണസൗഗന്ധികം ,കർമ്മീരവധം, നിവാതകവച കാലകേയവധം എന്നിവയായിരുന്ന ആ കഥകൾ.

കഥകളിക്ക് സംഭാവനകൾ നൽകിയവരിൽ

മറ്റു രണ്ടു തിരുവിതാംകൂർ മഹാരാജക്കൻമാർ കൂടിയുണ്ട്. അതിലൊരാൾ കാർത്തിക തിരുന്നാൾ രാമവർമ്മ മഹാരാജാവാണ് . അദ്ദേഹം ഏഴോളം ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്. രാജസൂയവും, നരകാസുരവധവുമാണ് അതിലെ പ്രധാനമായവ. അദ്ദേഹത്തിന്റെ മരുമകനായ അശ്വതിത്തിരുനാളാണ് കഥകളിയെ സ്നേഹിച്ച മറ്റൊരു രാജാവ്. പൂതനാമോക്ഷവും , രുക്മിണി സ്വയംവരവും ഉൾപ്പെട്ട നാലു ആട്ടക്കഥകൾ അദ്ദേഹം രചിക്കുകയുണ്ടായി.

ഇതിനു ശേഷം രവിവർമ്മകോയി തമ്പുരാന്റെ കംസവധവും, ചേർത്തല പുതിയിക്കൽ തമ്പാന്റെ കാർത്തവീര്യാർജ്ജുനവിജയവും വന്നു . പിന്നീട് മണ്ടവപ്പിള്ളി ഇട്ടിരാശിമേനോന്റെ സന്താനഗോപാലവും , രുഗ്മാംഗദചരിതം എന്നീ കഥകളും ഇരട്ടക്കുളങ്ങര വാര്യരുടെ കിരാതവും കഥകളിരംഗത്തേക്ക്,കടന്നുവന്നു.

കഥകളി ചരിത്രത്തിൽ വിസ്മരിക്കാൻ കഴിയാത്ത ഒരു പേരുണ്ട്.ഉണ്ണായിവാര്യർ !

അദ്ദേഹം രചിച്ച 'നളചരിതം ' ആട്ടക്കഥസാഹിത്യത്തിലെ

അനുപമമായ ഒരു സൃഷ്ടിയാണ്. കീചകവധം , ഉത്തരാസ്വയംവരം ,ദക്ഷയാഗം

എന്നീ ആട്ടക്കഥകൾ കൈരളിക്കു നൽകിയ ഇരയമ്മൻ തമ്പിയും കഥകളി ലോക

ത്തിനു മറക്കാൻ കഴിയാത്ത പ്രതിഭയാണ്.

**ANJITHA BIJU**

**IX A**

# ഓർമ്മകൾ...

ഓർക്കട്ടെ അവർ...
ഒരുവട്ടമെങ്കിലും നിൻ...
ഒട്ടിയ വയറിന്റെ ദണ്ണം..

അറിയുന്നു ഞാനിന്ന്...
ആത്മാർത്ഥമായി...
അന്നദാനത്തിൻ പ്രാധാന്യം..

അന്നദാനമത്രെ...
പുണ്യപ്രധാനം...
പാപമോക്ഷത്തിൻ കവാടം...


കൺ തുറന്നീടുക...
കാണുക കനിവിനായ്...
നീട്ടും കരങ്ങളെ...
കണ്ണുനീർത്തുള്ളികളോടെ...

ഇറ്റിറ്റു വീഴുമാ...
രക്തകണങ്ങളെ...
ഒപ്പുവാനാകാത്ത...
മർത്ത്യാ നീ വെറും മണ്ണിൻ പ്രതിമകൾ...

JOYAL JOSEPH
IX C


# മഹത്വചനങ്ങള്....................

* ഉദ്ദേശവും ലക്ഷ്യവില്ലാത്ത പരിശ്രമവും
ധൈര്യവും
അപൂർണ്ണമാണ്...



John f kennady

* അനുകമ്പയായ മധുരത്താൽ നിറഞ്ഞതാനണം മനുഷ്യ മനസ്സ്



Chattambi swamikal


* ചെയ്യാൻ കഴിയില്ല എന്ന് തോന്നുന്ന
കാര്യങ്ങൾ
ചെയ്യുന്നതാണ് ജീവിത്തതിൽ
വഴിത്തിരിവാകുന്നത്



Merissa mayer

* തോൽവിയിൽപ്പോലും ധീരത കാട്ടുന്നവർ ഒരിക്കൽ
വിജയിക്കുന്നത് കാണാം................

* തളർന്ന് പോകാനും തോറ്റ്പോകാനും ഒരുപാട്
കാരണങ്ങളുണ്ടാകും.....പക്ഷെ ജയിക്കാൻ
ഒരൊറ്റ കാരണമേ ഉണ്ടാവൂ....ജയിക്കണം
എന്നുള്ള ഒറ്റ തീരുമാനം.......




nady



Paulo coehlo

* പരാജയമെന്നത് നിങ്ങൾക്ക് തിരിച്ചുവരാനുള്ള അവസരമാണ്......




Henry ford

* സ്വന്തം കഴിവിലുള്ള വിശ്വാസമാണ് വിജയത്തിലേയ്ക്കുള്ള ആദ്യ ചുവടുവയ്പ്..........



Vijay devarakonda

* നമ്മുക്കുള്ള ഏക പരിമിധി,നമ്മുടെ മനസ്സ് മാത്രമാണ്...



Sushant sing rajput

# Take

# Time




**Take time to THINK;**

**It is the source of power.**
**Take time to PLAY;**
**It is the secret of keeping you young.**
**Take time to READ;**
**It is the foundation of wisdom.**
**Take time to PRAY;**
**It sets proper perspective to life.**
**Take time to LOVE;**
**It is God- given privilege.**
**Take time to be FRIENDLY;**
**It is the road to happiness.**
**Take time to LAUGH;**
**It is the music of soul.**
**Take time to WORK;**
**It is the price of success.**
**Take time to do CHARITY;**
**It is the key to heaven**

**Robert Thomas**
**IX A**

# 10

## **ten** lessons from

## ALBERT EINSTEIN

**[Aksa Babu]**

**V E**

### *FOLLOW YOUR CURIOSITY

“I have no special talent .i am only passionately curious”

### *PRESERVERANCE. IS PRINCELESS

“It's not that i am so smart;it's just that I stay with problems longer”

### *FOCUS ON THE PRESENT

“Any man who can drive safely while kissing a pretty girl is not simply giving the kiss the attention it deserves”

### *THE IMAGINATION IS THE POWERFUL

“Imagination is everything. it is the preview of life's coming attractions. Imagination is better than knowledge”

### *MAKE MISTAKES

“A person who never made mistakes never tried any thing”.

### *LIVE IN THE MOMENT

“I never think of the future-it comes soon enough.”

### *CREATE VALUE

“Strive not to be a success,but rather to be of value”

***DON'T BE REPETITIVE**

# 2018 കേരളം ഒറ്റനോട്ടത്തില്.................





പ്രളയ ശേഷമുള്ള കേരള ഓണം..

പ്രളയം







നിപ്പ വൈറസ്



ശബരിമല സ്ത്രി പ്രവോശനം



**കെവിന് കൊലപാതകം**




**കേരള ആദിവാസി യുവാവിന്റെ മരണം**



**ബാലഭാസ്കര് മരണം.**

# My dearest tree.........

There was a tree
the cutest little tree you ever did see
the tree was on the valley
and green grass grew
and green grass grew
and green grass grew around
there was a branch
the cutest little tree you
ever did see
the tree was on the vally
and green grass grew
and green grass grew
and green grass around

ROMITH G SANTHOSH
IX E




` Hashim abdul razak

IX D

# എഴുത്തുകാരുടെ അപരനാമങ്ങള്



*കേരള പാണിനി - കേരള വര്മ്മ വലിയ കോയിത്തമ്പുരാന്
*കേരള വാത്മീകി- വള്ളത്തോള് നാരായണ മേനോന്
*കേരള തുളസിദാസ് - വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
*കേരള സ്കോട്ട് - സി.വി രാമന്പ്പിള്ള
*കേരള ചോസര് - ചിരാമ കവി
*കേരള ഇബ്സണ് - പ്രൊഫ.എന് കൃഷ്ണപ്പിള്ള
*കേരള മോപ്പാങ്- തകഴി ശിവശങ്കരപ്പിള്ള
*കേരള ഹെമിംഗ്വേ - എം.ടി വാസുദേവന്
*കേരള ഓർഫ്യൂസ് - ചങ്ങമ്പുഴ കൃഷ്ണപ്പിള്ള











ജുവൽ മരിയ അനീഷ്
IX F

# പ്രളയം

വാർത്തകളിൽ പ്രളയം
കണ്ണീരിന്റെ പ്രളയം
മഴ ദൈവങ്ങൾ കനിഞ്ഞ പ്രളയം
എങ്കിലും ദുഃഖം
ഓർമ്മകൾ മറഞ്ഞു
സ്വപ്നങ്ങൾ ഒഴുകി
ഇന്നും കാത്തിരിക്കുന്നു
പ്രതീക്ഷയുടെ നാമ്പുകളുമായ്
കഴിഞ്ഞ കഥയുടെ ഓർമ്മകളുമായ്

Jeslin Thomas
IX E



Adithya C Babu
IX D

# ആശാൻ കവിതയിലെ

# മണിമുത്തുകൾ

1.സ്നേഹമാണഖില സാരമൂഴിയിൽ
സ്നേഹ സാരമിഹ സത്യമേകമാം
മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ വെടിഞ്ഞു ഞാൻ

(നളിനി)

2.ക്ഷതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്ന വിചിത്രമാർഗമാം
പ്രതിനവ രസമാമതോർക്കുകിൽ

(ലീല)

3. സാധിച്ചുവേഗമഥവാ നിജ്ജനകൃത്യം
സാധിഷ്ഠർ പോട്ട – ഇഹസാദാനിശി
പാനഥപാദം
ബാധിച്ചു ശ്രുക്ഷശില വാഴ്വതിൽ
നിന്നു മേഘ–
ജ്യോതിസ്സുതൻ ക്ഷണികജീവിത
മല്ലി കാമ്യം–

(വീണപൂവ്)

4.ഒരുവേള പഴക്കമേറിയ-

ലിരുളും മെല്ലെ വെളിച്ചമായിവരാം

ശരിയായ് മധുരിച്ചീടാം സ്വയം

പരിശീലനപ്പൊരുകയ്പ്പുതാനുമേ

(ചിന്താവിഷ്ടയായ സീത)

5.സ്നേഹത്തിൽ നിന്നുദിക്കുന്നു -ലോകം

സ്നേഹത്തിൽ വൃദ്ധി തേടുന്നു

സ്നേഹം താൻ ശക്തി ജഗത്തിൽ സ്വയം

സ്നേഹം താൻ ആനന്ദമാർക്കും

(ചണ്ഡാലഭിക്ഷുകി)

6.സ്വാതന്ത്ര്യം തന്നെയമൃതം

സ്വാതന്ത്ര്യം തന്നെജീവിതം

പാരതന്ത്ര്യം മാനികൾക്ക്

മൃതിയേക്കാൾ ഭയാനകം

(ഒരുഉദ്ബോധനം)

7.സത്യമോർക്കുകിൽ സംസാരയാത്രയിൽ

പാപത്തിൻ കടൽ

കുത്തിടാതെ കടന്നവർ കാണുകില്ലെടോ

ബദ്ധപങ്കമായോടുന്നതൊരുകാലം

നദിപിന്നെ-ശുദ്ധികലർന്നൊരു കാലം

ശോഭ തേടുന്നു

ലോലമാം ക്ഷണമേ വേണ്ടുബോധമു-

ള്ളിൽ ജ്വലിപ്പാനും

മാലണയ്ക്കു തമസ്സാകെ മാഞ്ഞുപോവാനും.

(കരുണ)

8.മാറ്റവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റമതുകളീ നിങ്ങളെത്താൻ

മാറ്റെലി കൊണ്ടി മൊഴിതന്നെ സർവദാ

കാറ്റിരമ്പുനിന്നു കേരളത്തിൽ.

(ദുരവസ്ഥ)

SANDRA SHIJU

IX E

# EXAMINATION

Oh!my dear examination
Since I have not prepared
I am terribly afraid of you
Kindly tell me what to do
You are early,but I am late
I can't defeat you

Oh! My dear examination
Go away from me
let me learn my lessons first
you have disturbed my sound sleep
you are sure to make me weep

Oh !my dear examinations
I am in a dilemma
help me help me
I don't like you
but I want you
because you can help me
to achieve my goal

BITTY MARIA MANUEL

# ടുണ്ടുമോള് എഗൈന്...

**ടൂണ്ടുമോൾ എഗൈൻ.....!**

**ടൂണ്ടുമോൾക്ക് ലൈസൻസ് കിട്ടി.അച്ഛൻ ഒരു കാറും വാങ്ങി കൊടുത്തു.ടൂണ്ടുമോൾ കാറും കൊണ്ട് ഹൈവേയിലേയ്ക്കിറങ്ങി.പുതിയ വണ്ടി ആയതിനാൽ വണ്ടി നല്ല വേഗത്തിൽ ഓടിക്കാൻ ടൂണ്ടുമോൾക്ക് പേടിയാരുന്നു.അങ്ങനെ പോക്കോണ്ടിരുന്നപ്പോൾ ഒരു ട്രാഫ്ഫിക് സിഗ്നൽ പാസ് ചെയ്യുമ്പോൾ സിഗ്നൽ പാസ്സ് ചെയ്യുമ്പോൾ സിഗ്നലിലെ ക്യാമറ ഫ്ലാഷടിച്ചു.താൻ അധികം സ്പീഡിൽ അല്ല എന്ന് ഉറപ്പുണ്ടായിരുന്ന ടൂണ്ടുമോൾ**
**യു ടേൺ എടുത്ത് കറങ്ങി വന്നു വീണ്ടും സിഗ്നലിൽ കൂടി കടന്നുപോയി.ഇത്തവണ വളരെ വേഗം കുറച്ചാണ് പാസ് ചെയ്തു പോയത്.പക്ഷെ ഇത്തവണയും ഫ്ലഷ് അടിച്ചു.ടൂണ്ടുമോൾക്ക് കൗതുകം തോന്നി ..ഇതെന്താ ഇങ്ങനെ?അവൾ വീണ്ടും വീണ്ടും കറങ്ങി വന്നു.... ഓരോ തവണയും സ്പീഡ് കുറച്ച് കുറച്ച് വന്നിട്ടും ഫ്ലാഷ് അടിച്ചുകൊണ്ടേയിരുന്നു.ഒരു എട്ടു പത്തുപ്രാവശ്യം**

കറങ്ങിയിട്ടും.അതും ഒച്ചിഴയുന്നതു പോലെ വന്നിട്ടും ഫ്ലാഷ് അടിക്കുന്നതു കണ്ട ടുണ്ടുമോൾ നാടിന്റെ ദുരവസ്ഥയെ കുറിച്ചും നിലവാരമില്ലായ്മയെക്കുറിച്ചും ഒക്കെ ഓർത്തു പൊട്ടിച്ചിരിച്ചുകൊണ്ട് വീട്ടിലേയ്ക്കു പോയി. കുറച്ചു ദിവസങ്ങൾക്ക് ശേഷം ഒരു നോട്ടീസ് കിട്ടി...........

.

.

.

.

.

" സീറ്റ്ബെൽറ്റ് ഇടാണ്ട് 12 പ്രാവശ്യം വണ്ടി ഓടിച്ചതിന് 2400 രൂപ പിഴ.....!!! ”

BIJO K BINOY
IX A



# ***JUSTIN BIEBER***

**JUSTIN DREW BIEBER {**born march 1,1994}in Start, Onartio Canada}is a Canadian pop singer and actor,discovered by Keith Vocke.he discovered on you tube in 2008.he grew on Onertio. when he was 12 years old ,he went into a local singing contest. he came in third prize,the footage of his singing was uploaded via his you-tube channel. braun's first encounter of Bieber was when he saw a video of a 12 year old bieber on you-tube,performing a song by Ne-yo.

braun contacted bieber's mother,malette,who agreed to bring her son,now fourteen years old,to Atlanda  for a no-strings-attached trial period. convinced them to move permanently from Canada to the united states.After furter online marketing managing and success,braun pitched bieber to two successful artists,usher and justin timberlake  both expressed intrest.eventually usher's mentor,music exicutiveL.A.raid,singed bieber to a deal with island def jam
in 2009,toured with Iyaz  and Taylour swift,and travelled in the united states. his first album MY WORLD,features for singles,”ONE TIME “,ONE LESS LONELY GIRL”,FAVORATE GIRL”AND “MY LOVE “.He signed to a record deal with Usher. He released MY WORLD 2.0 In march 2010 as his second album,as well as going on a tour. Purposes Single “SORRY” is Justin Bieber's most popular song.

VISHNU BIJU IX B

# സാഹിത്യക്വിസ്

1."മാറ്റവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റമതു

കളി നിങ്ങളെതാൻ"

ആരുടെ വരികൾ ?

2. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം

ചെയ്യപ്പെട്ട ആദ്യത്തെ നോവൽ

ഏത്?

3.ചങ്ങമ്പുഴ കൃഷ്ണപ്പിള്ള രച്ചിച ഏകനോവൽ

ഏതാണ് ?

4. നാലപ്പാട്ട് നാരായണ മേനോന്റെ ചരമത്തെ

അധികരിച്ച് ബാലാമണിയമ്മ രചിച്ച വിലാപകാവ്യം ?

5. മഹാകവി വള്ളത്തോൾ രചിച്ച ആട്ടക്കഥയേത് ?

6. "ഇന്ന് ഞാൻ നാളെ നീ "എന്നു തുടങ്ങുന്ന

പ്രശസ്തമായ മലയാള കവിതയുടെ

രചയിതാവ്?

7.പ്രഥമ വള്ളത്തോൾ പുരസ്കാരം നേടിയ സാഹിത്യകാരൻ

ആരാണ്?

8. ജ്ഞാനപീഠ ജേതാവായ തകഴിയുടെ അവസാന നോവൽ ഏത്?

9. കേരള ശ്രീ ഹർഷൻ ?

10. കേരള പൂങ്കുയിൽ , ടാഗോർ, വാല്മീകി എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന കവി ?

<u>ഉത്തരങ്ങൾ</u>

1. കുമാരനാശാൻ
2. ഇന്ദുലേഖ
3. കളിത്തോഴി
4. ലോകാന്തരങ്ങളിൽ
5. ഔഷധാഹരണം
6. ജി. ശങ്കരക്കുറുപ്പ്
7. പാലാനാരായണൻ നായർ
8. ഒരു എരിഞ്ഞടങ്ങൽ
9. ഉള്ളൂർ
10. വള്ളത്തോൾ

MANUEL WILSON
IX B



# Tongue twisters

1. I wish to wish the wish you
   Wish to wish,but if you wish
   The wish the witch wishes,i won't wish the wish you to wish

2. Yellow leather,red feather,yellow leather,red feather

3. Billy wood said he would carry the wood through the woods,
   And if wood said he would,wood would.

4. How many cookies could a good cook cook?if a good cook could cook cookies?a good cook could cook as much cookies as a good cook who could cook cookies

5. She stood on the balcony inexplicably mimicking his hiccup and amicably welcoming him.

6. A big bug bit the little beetle but the little beetle bit the big bug back.

7. I thought,I thought of thinkingof thanking you.

8. A sailor went to sea to see,what he could see.and all he could see was sea,sea,sea.

VISWAJITH K BIJU
IX C

# എന്റെ ലോകം

എന്റെ ചിന്തകൾ തൻ
*കുഞ്ഞിച്ചിറകുകൾ വീശി*

ഏതുയരം വരെ പറക്കുന്നുവോ
അവിടെ വരെയാണെന്റെ ആകാശം

എന്റെ സ്വപ്നങ്ങൾ തെളിയിച്ച
വഴിയെ എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം


കാലപ്രവാഹത്തിൽപച്ചിലച്ചാർത്തിൽ
നിന്നിറ്റിറ്റുവീഴുന്ന മഞ്ഞുതുള്ളികളായ്
സ്നേഹമെന്നിലെത്ര ആഴത്തിൽ
നിറഞ്ഞൊഴുകി പരക്കുന്നുവോ
അതാണെന്റെ കടൽ

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൻ
പ്രതീക്ഷയാം നിലാവെളിച്ചത്തിൽ
മോഹപ്പൂക്കൾ കാട്ടിയ വഴിയേ
കാലമാം കടലിൽ ഞാനെന്റെ
ജീവിതത്തോണി തുഴയുന്നു..

*ANDES E S*
*IX C*

# Seven up!

Puzzle time



Put the numbers, 1,2,3,4,5,6 and 7 in the circles so that each straight line of three numbers adds up to the same total.

RAHUL GIREESH

IX D

# സദ്ചിന്തനീയം



തുടക്കം - ഒടുക്കത്തിലേയ്ക്കുള്ള
പ്രയാണമാണ്

ഒടുക്കം - മടക്കത്തിലേയ്ക്കും

ഉദയം - അസ്തമനയത്തിലേയ്ക്കുള്ള
പ്രയാണമാണ്

അസ്തമനം - ഉദയത്തിലേയ്ക്കും

ഉണർവ്വ് - ഉറക്കത്തിലേയ്ക്കുള്ള
പ്രയാണമാണ്

ഉറക്കം - ഉണർവ്വിലേക്കും

ATHUL VINOD

IX C

വാർത്തകളും വർണങ്ങളും ഏകാന്തതയും

സ്വപ്നവും : വരകളായി, വാക്കുകളായി,

പെയ്തിറങ്ങുന്ന ജോർജ്ജിയൻ മുറ്റത്തെ

മന്ദഹാസം പുഞ്ചിരിയലകളാൽ

ഏറ്റുവാങ്ങുന്ന ചരിത്രം ,ചിത്ര

വാതായനമായി ആലേഖനം

ചെയ്യുന്നു. നേർത്ത തന്ത്രിയായ്....

ലയമായ്... താളമായ്... ആനന്ദമായ്...

സ്വരമായ്...

ഓരോ ഹൃദയത്തിലും പെയ്തിറങ്ങട്ടെ....

ആശംസകളോടെ

ലിസ ടീച്ചർ

എഴുത്ത് അക്ഷരങ്ങളിലൂടെയുള്ള സഞ്ചാരമാണ്...............
നൻമയും തിൻമയും ഇഴപിരിയുന്ന ലോകത്തിൽ വെളിച്ചത്തിലേയ്ക്ക്
മിഴികളെ തുറന്നുപിടിക്കണം എന്നോർപ്പിക്കുന്ന ചൂണ്ടുപലക....
ഇന്നലെകളുടെ ഇലച്ചാർത്തുകളിൽ കാലം കോരിയിട്ട സൗന്ദര്യമുണ്ട്
എന്ന ഓർമ്മപ്പെടുത്തൽ............
നാളെകളുടെ കനൽവഴികളിൽ അക്ഷരക്കൂട്ടുകൾ മൺചിരാതകണം
എന്ന മുന്നറിയിപ്പ്........
അതെ എഴുത്ത് വെളിച്ചത്തിലേയ്ക്കുള്ള സഞ്ചാരമാണ്...
ജനിക്കും മുൻപേ എന്നെ അറിയുന്ന പൊന്നുതമ്പുരാന്.വളർത്തി
വലുതാക്കിയ  മാതാപിതാക്കൾക്ക്,അറിവ് പകർന്ന ഗുരുഭൂതർക്ക്
താങ്ങും തണലുമായി നിന്ന കൂട്ടുകാർക്ക്,സ്നേഹിക്കാൻ മാത്രം
അറിയാവുന്ന സഹവാസികൾക്ക്,അധ്യാപകർക്കും,സഹപ്രവർത്തകർ
ക്കും......

നന്ദി..........

**ROMITH G SANTHOSH**
***chief editor***


Thank Yo